1.ഋതുഭേദങ്ങൾക്ക് കാരണം എന്ത് ?

*ഭൂമിയുടെ പരിക്രമണം
*അച്ചുതണ്ടിന്റെ ചരിവ്
*അച്ചുതണ്ടിന്റെ സമാന്തരത
*സൂര്യന്റെ അയനം

2.ഗ്രീനിച്ച് സമയം എന്നാലെന്ത് ?

*ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയത്തെ ഗ്രീനിച്ച് സമയം എന്നു പറയുന്നു

3.

| ഗ്രീനിച്ച് രേഖ | അന്താരാഷ്ട്രദിനാങ്ക രേഖ |
|---|---|
| 0°ഡിഗ്രി രേഖാംശരേഖ<br>സമയം കണക്കാക്കുന്നതിന്<br>നേർരേഖയാണ് | 180° രേഖാംശരേഖ<br>ദിവസം കണക്കാക്കുന്നതിന്<br>നേർരേഖയല്ല |

4.

| വസന്തകാലം | ഹേമന്ത കാലം |
|---|---|
| *മാർച്ച് 21 മുതൽ ജൂൺ 21<br>*ശൈത്യകാലത്ത് നിന്നും വേനൽക്കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണിത് .<br>*ചെടികൾ തളിർക്കുന്നതും പൂക്കുന്നതും *മാവുപൂക്കുന്നതും ഈ കാലത്തിന്റെ സവിശേഷതയാണ്. | *സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ*<br>*വേനൽ കാലത്തിന്റെ തീക്ഷ്ണതയിൽ നിന്ന് ശൈത്യകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ്<br>*ഇലപൊഴിക്കുന്ന കാലം |

5.പൂജ്യം ഡിഗ്രി രേഖാംശ രേഖയുടെ പേരെന്ത് ?

*ഗ്രീനിച്ച് രേഖ

6. ഗ്രീനിച്ച് രേഖയെ പ്രൈം മെറിഡിയൻ എന്നും വിളിക്കുന്നു .കാരണമെന്ത് ?

*ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്തെവിടെയുമുള്ള സമയം നിർണയിക്കപ്പെടുന്നത്. അതിനാൽ

7.

**സൂര്യന്റെ അയനവും കാലങ്ങളും (ഉത്തരാർധഗോളത്തിൽ)**




8.മാനവവിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം?

*വ്യക്തികൾ പരിശ്രമത്തിലൂടെ

* കുടുംബം

*വിവിധ സ്ഥാപനങ്ങളും ഏജൻസികളും

* രാഷ്ട്രം

9. ജനങ്ങളുടെ അധ്വാനശേഷിയെ മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ എന്തെല്ലാം?

*വിദ്യാഭ്യാസം

* ആരോഗ്യപരിപാലനം

*പരിശീലനങ്ങൾ

*സാമൂഹിക മൂലധനം

10. സമഗ്ര ശിക്ഷ അഭിയാൻ ലക്ഷ്യങ്ങൾ എന്തെല്ലാം?

* വിദ്യാഭ്യാസം ഹയർസെക്കൻഡറിവരെ ഉറപ്പുവരുത്തുക .

*തുല്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുക

*തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പരിപോഷിപ്പിക്കുക .

*DIET/SCERT തുടങ്ങിയ അധ്യാപക പരിശീലന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക

11. ഇന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് ഇനിയും പരിഹരിക്കാനുള്ള പ്രശ്നങ്ങൾ എന്തെല്ലാം ?

*പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരുവിഭാഗം വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്നു.

*അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ് .

*ഗുണനിലവാരം മെച്ചപ്പെടുത്തൽ

12. ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നത് എങ്ങനെ?

* തൊഴിൽ ദിനങ്ങളുടെ എണ്ണം വർധിക്കുന്നത് കൊണ്ടും കാര്യക്ഷമത വർദ്ധിക്കുന്നതുകൊണ്ടും ഉത്പാദനം കൂട്ടും.

*പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും .

*ചികിത്സാചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും

*ഉൽപാദന വർധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാകും.

13.ചികിത്സാരംഗത്ത് വിവിധതലങ്ങളിലായി പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാം ?

- മെഡിക്കൽ കോളേജുകൾ
- ജില്ലാ ആശുപത്രികൾ
- സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ
- പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ
- ആരോഗ്യ ഉപകേന്ദ്രങ്ങൾ

14.



15.ഫെബ്രുവരി വിപ്ലവം, ഒക്ടോബർ വിപ്ലവം താരതമ്യം ചെയ്യുക.

| ഫെബ്രുവരി വിപ്ലവം | ഒക്ടോബർ വിപ്ലവം |
|---|---|
| –മെൻഷെവിക്കുകൾ നേതൃത്വം നൽകി. | –ബോൾഷെവിക്കുകൾ നേതൃത്വം നൽകി |
| –ഒന്നാം ലോകയുദ്ധത്തിൽ നിന്ന് പിൻമാറിയില്ല. | –ഒന്നാം ലോകയുദ്ധത്തിൽ നിന്ന് പിൻമാറി |
| –സാർ ചക്രവർത്തിയുടെ ഭരണം അവസാനിപ്പിച്ചു. | –മെൻഷെവിക്കുകളുടെ ഭരണം അവസാനിപ്പിച്ചു. |
| –പ്രഭുക്കൻമാർ ഭൂവുടമകളായി തുടർന്നു. | –കർഷകർക്ക് ഭൂമി വിതരണം ചെയ്തു. |
| –പൊതു ഉടമസ്ഥതക്ക് പ്രാധാന്യം നൽകിയില്ല. | –ഫാക്ടറികൾ ബാങ്കുകൾ , ഗതാഗതം എന്നിവ പൊതു ഉടമസ്ഥതയിലാക്കി. |